**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3995** **03-03-2023 - ൽ മറുപടിയ്ക്ക്**

**അഞ്ചാംപനി വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അഞ്ചാംപനി വ്യാപകമായി പടർന്നുപിടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അഞ്ചാംപനി പടരാതിരിക്കുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്തെ ചില ജില്ലകളിൽ അഞ്ചാം പനി (മീസിൽസ്) റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് മീസിൽസ് കൂടുതലായി റിപ്പോർട്ട് ചെയ്തത്. പ്രസ്തുത ജില്ലകളിൽ മീസിൽസ് നിയന്ത്രിക്കുന്നതിനായി ആരോഗ്യ വകുപ്പ് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.<br><br>• മീസിൽസ് റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ സംസ്ഥാനതല ഉദ്യോഗസ്ഥർ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>• ഇതു കൂടാതെ ലോകാരോഗ്യ സംഘടനയുടെ പ്രതിനിധികളും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും മീസിൽസ് റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ സന്ദർശിച്ചു.<br>• എം.ആർ (മീസിൽസ് റൂബെല്ല) വാക്സിൻ കൃത്യമായി എടുക്കുകയാണ് ഈ രോഗത്തെ തടഞ്ഞു നിറുത്താൻ കഴിയുന്ന പ്രധാന മാർഗ്ഗമെന്നതിനാൽ വാക്സിനേഷനോടുള്ള വിമുഖതയകറ്റാൻ പ്രത്യേക ക്യാമ്പയിൻ നടത്തി.<br>• അഞ്ചാംപനി സംശയിക്കപ്പെടുന്ന ആളുകളുടെ വിവരങ്ങൾ എല്ലാ സർക്കാർ /സ്വകാര്യ ആശുപത്രികളിൽ നിന്നും ശേഖരിക്കുന്നു. അത്തരത്തിൽ സംശയിക്കപ്പെടുന്ന ആളുകളുടെ സാമ്പിളുകൾ ആലപ്പുഴ എൻ.ഐ.വി.യിലേയ്ക്ക് പരിശോധനയ്ക്ക് അയയ്ക്കുന്നു.<br>• രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കാര്യകാരണ വിശകലനം നടത്തി |

| | | | | |
|---|---|---|---|---|
| | | | | (എപ്പിഡമോളജിക്കൽ അന്വേഷണം) കൂടുതൽ Linked കേസുകൾ ഉണ്ടോയെന്ന് പരിശോധിക്കുന്നു.<br>• മീസിൽസ് രോഗം സംശയിക്കുന്ന എല്ലാവർക്കും (fever with rash) രണ്ട് ഡോസ് വൈറ്റമിൻ എ ലഭ്യമായെന്ന് ഉറപ്പാക്കുന്നുണ്ട്.<br>• രോഗം പടരുന്ന പ്രദേശങ്ങളിൽ മീസിൽസ് വാക്സിൻ കിട്ടാത്ത 5 വയസ്സിന് താഴെയുള്ളവർക്ക് ഒരു ഡോസ് മീസിൽസ് വാക്സിൻ നൽകുന്നു.<br>• വാക്സിൻ എടുക്കാത്ത കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനായി ആരോഗ്യ സ്ഥാപനങ്ങളിലും, സബ് സെന്ററുകളിലും, അംഗണവാടികളിലും പ്രത്യേക ക്യാംപുകൾ സംഘടിപ്പിച്ചു.<br>• മെഡിക്കൽ കോളേജുകളിലും അഞ്ചാംപനിയുടെ പ്രതിരോധ കുത്തിവയ്പിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.<br>• മീസിൽസ് രോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സ ഉറപ്പുവരുത്തി. സമ്പർക്കമുള്ളവർക്ക് നിരീക്ഷണം ഏർപ്പെടുത്തി, രോഗ ബാധിതർക്ക് ആവശ്യമായ ചികിത്സ നൽകി വരുന്നു.<br>• Routine ഇമ്മ്യൂണൈസേഷൻ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• മെഡിക്കൽ കോളേജുകളുടെ അർബൻ/റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററുകൾ വഴി രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ ബോധവത്കരണം നടത്തി വരുന്നു.<br><br>അഞ്ചാംപനി നേരത്തെ കണ്ടെത്താനും പ്രതിരോധിക്കാനുമായി തിണർപ്പോട്ടു കൂടിയ പനികൾ എല്ലാം റിപ്പോർട്ട് ചെയ്യുകയും സൂക്ഷ്മ നിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. മീസിൽസ്, റൂബെല്ല നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി മീസിൽസ് നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനും വാക്സിനേഷൻ കൂട്ടുന്നതിനുമായി WHO – യുടെ വിദഗ്ധ ടീം മെഡിക്കൽ കോളേജിലെ വിവിധ വിഭാഗം ഡോക്ടർമാർക്ക് പരിശീലനം നല്കി വരുന്നുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ജനകീയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി മീസിൽസ് നിയന്ത്രണ വിധേയമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ